**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 530 — 03.03.2020-ലെ മറുപടിയ്ക്ക്

## അടൂർ മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ചിറ്റയം ഗോപകുമാർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | ഗ്രാമീണമേഖലയിലെ കായിക വികസനത്തിനായി പന്തളത്ത് മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ), (ബി) & (സി) | അടൂർ നിയോജകമണ്ഡലത്തിലെ പന്തളം ചേരിക്കൽ പ്രദേശത്ത് സ്റ്റേഡിയം അനുവദിക്കുന്നതിനായി 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 ലക്ഷം രൂപ പ്രത്യേക ഗ്രാന്റായി വകയിരുത്തിയിരുന്നു. ചേരിക്കൽ പട്ടികജാതി കോളനിയിൽ കായിക എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ പരിശോധനയിൽ പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലം ലഭ്യമല്ലെന്ന് കണ്ടതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | വകുപ്പുതലത്തിൽ ഭൂമിലഭ്യത തിട്ടപ്പെടുത്തിയിട്ടും ഈ പദ്ധതി ആരംഭിക്കുന്നതിനായി നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | | |
| (സി) | സമയബന്ധിതമായി ഈ പദ്ധതി സാധ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | |
| (ഡി) | അടൂർ മുനിസിപ്പൽ സ്റ്റേഡിയം കിഫ്ബി പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (ഡി) & (ഇ) | അടൂർ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് 9.69 കോടിരൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. തുടർന്ന് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുന്നോടിയായി അടൂർ മുനിസിപ്പാലിറ്റിയുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് തീരുമാനിക്കുയും എന്നാൽ പദ്ധതി നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമല്ലായെന്ന് അടൂർ മുനിസിപ്പാലിറ്റി അറിയിക്കുകയും ഈ സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ഈ പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുപ്പിൽ വന്നിട്ടുള്ള കാലവിളംബം പരിഹരിച്ച് ഉടൻ പദ്ധതി ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| (എഫ്) | കൊടുമൺ ഇ.എം.എസ്.സ്റ്റേഡിയം കിഫ്ബി പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതിയുടെ വിശദാംശം അറിയിക്കുമോ; | (എഫ്) & (ജി) | കൊടുമൺ ഇ.എം.എസ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തോടനുബന്ധിച്ചുള്ള സിവിൽ പ്രവൃത്തികൾ നിലവിൽ 90 ശതമാനവും സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾ 10 ശതമാനവും പൂർത്തിയായിട്ടുണ്ട്. ഫുട്ബോൾ ടർഫിനാവശ്യമായ പുല്ല് വച്ച് പിടിപ്പിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. വോളിബോൾ, ബാസ്കറ്റ് ബോൾ കോർട്ടുകളുടെ ഫെൻസിംഗ് പ്രവൃത്തികൾ പൂർത്തിയായി വരുന്നു. സിന്തറ്റിക് ട്രാക്കിന്റെ പകുതി ഭാഗം ലെവലിംഗ് പൂർത്തീകരിച്ച് സ്പോർട്സ് ഫ്ളോറിംഗ് കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. സമീപത്തുള്ള തോടിന് മുകളിലെ സ്ലാബ് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി ഭാഗവും സിന്തറ്റിക് ട്രാക്കിന്റെ പ്രവൃത്തികൾക്കായി കൈമാറുന്നതാണ്. പദ്ധതി 2020 മെയ് മാസം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ജി) | ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് പ്രതീക്ഷിക്കുന്ന കാലയളവ് തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുമോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**